(സി) ഹജ്ജ് തീർത്ഥാടകർക്കുവേണ്ടി കരിപ്പൂർ എയർപോർട്ടിനു സമീപം പ്രത്യേക ഹജ്ജ് ക്യാമ്പ് ഒരുക്കുന്നുണ്ട്, അവിടെ ഹാജിമാർക്ക് വിശ്രമിക്കുവാനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും യാത്രാരേഖകൾ വാങ്ങുന്നതിനും ലഗ്ഗേജുകൾ ഏൽപ്പിക്കുന്നതിനും മറ്റും സൗകര്യം ഏർപ്പെടുത്തുന്നുണ്ട്.

(ഡി) കരിപ്പൂരിൽ നിലവിലുള്ള ഹജ്ജ് ഹൗസിനു സമീപം എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥിരം ഹജ്ജ് ഹൗസ് പണിയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ദിനേശ് ബീഡി സഹകരണസംഘം എടുത്തിട്ടുള്ള വായ്പ

38 [2175] ശ്രീമതി മേഴ്സി രവി:
ശ്രീ. ബി. വിജയകുമാർ:
,, ലൂഡി ലൂയിസ്:
,, പി. ജെ. ജോയി:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി സഹകരണ സംഘം എത്ര രൂപ വായ്പ എടുത്തിട്ടുണ്ട്;

(ബി) എവിടെ നിന്നെല്ലാമാണ് ഈ വായ്പയെടുത്തത്;

(സി) ഓരോ സ്ഥാപനത്തിൽനിന്നും ഈ സഹകരണസംഘം എന്തു തുക വീതം വായ്പയെടുത്തു എന്ന് കാണിക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(ഡി) മുതൽ പലിശയിനത്തിൽ ദിനേശ് ബീഡി സഹകരണ സംഘം എന്തു തുക കൊടുത്തു തീർക്കാനുണ്ട്; ഇതിൽ പലിശയിനത്തിൽ എന്തു തുകയുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി ആൻറ് സി) ദിനേശ് ബീഡി സഹകരണസംഘം കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 4.25 കോടി രൂപയുടെ ടേം ലോണും ഒരു കോടി രൂപ ക്യാഷ് ക്രെഡിറ്റിനത്തിലും എടുത്തിട്ടുണ്ട്.

(ഡി) ടേം ലോണായ 4.25 കോടി രൂപയിൽ 1.60 കോടി രൂപ ഇതിനകം തിരിച്ചടച്ചു. പലിശയിനത്തിൽ തുക അടയ്ക്കാനില്ല.

ദിനേശ് ബീഡി സഹകരണസംഘം വൈവിദ്ധ്യവൽക്കരണത്തിന്റെ പേരിൽ മുതൽമുടക്ക്

39 [2176] ശ്രീ. ജി. കാർത്തികേയൻ:
,, പി. ജെ. ജോയി:
,, ബി. വിജയകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly